# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1629 | 07.03.2018 ൽ മറുപടിക്ക്

## കുടുംബ പ്രശ്നങ്ങൾ കാലേകൂട്ടി കണ്ടെത്തുവാൻ ജനമൈത്രി പോലീസിന്റെ ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഹൈബി ഈഡൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് അടുത്ത ബന്ധുക്കളെ നിസ്സാര പ്രശ്നങ്ങളുടെ പേരിൽ കൊലപ്പെടുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അണുകുടുംബങ്ങളിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയും, നിസ്സാര പ്രശ്നങ്ങളിൽ പോലും പെട്ടെന്നുണ്ടാകുന്ന പ്രകോപനങ്ങളും ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) ആധുനിക കാലഘട്ടത്തിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസമില്ലായ്മയും, ആഴത്തിലുള്ള ബന്ധങ്ങളുടെ അഭാവവും, നിസാര പ്രശ്നങ്ങളിൽ പെട്ടെന്നുണ്ടാകുന്ന പ്രകോപനങ്ങളും, ദമ്പതികൾ പരസ്പരം വച്ചുപുലർത്തുന്ന സംശയകരമായ അവസ്ഥയും, അണുകുടുംബങ്ങളിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയും, അടുത്ത ബന്ധുക്കളെ നിസ്സാര പ്രശ്നങ്ങളുടെ പേരിൽ കൊലപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) നഗരങ്ങളിൽ റസിഡന്റ്സ് അസ്സോസിയേഷനുകളുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ കുടുംബങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ജനമൈത്രി സമിതിയിൽ പൗരപ്രമുഖർ, റസിഡന്റ്സ് അസ്സോസിയേഷൻ ഭാരവാഹികൾ എന്നിവർ അംഗങ്ങളാണ്. ഓരോ ബീറ്റ് മേഖലയിലും പ്രവർത്തിക്കുന്ന സമിതിയിൽ ആ പ്രദേശത്തെ സംബന്ധിച്ച് വിപുലമായ ചർച്ചകൾ നടക്കും. കൂടാതെ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്തമായ വിഷയങ്ങളെക്കുറിച്ച് ഗൃഹസന്ദർശന വേളയിൽ ബീറ്റ് ഓഫീസർമാർ പ്രത്യേകമായി |

പരിഗണിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയോ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്യുന്നു. ഇപ്രകാരം റസിഡന്റ്സ് അസ്സോസിയേഷനുകളുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്തമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വലിയൊരു പരിധിവരെ കഴിയുന്നു.

സെക്ഷൻ ഓഫീസർ.